"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ശ്രീമതി.റജീന.റ്റി.എം-ന്റെ.(റിസർച്ച് ഓഫീസർ, ജില്ലാ പ്ലാനിംഗ് ഓഫീസ്, ആലപ്പുഴ)- കുടുംബശ്രീ എറണാകുളം ജില്ലാ മിഷനിലെ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ- ഓർ ഡിനേറ്റർ തസ്തികയിലെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ(ഐഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.987/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 26/05/2020

പരാമർശം:- 1 10/05/2013-ലെ 42/2013/ധന. നം. സർക്കുലർ.
2 28/11/2013-ലെ സ.ഉ.(പി)നം.580/13/ധന .
3 09/12/2016-ലെ സ.ഉ.(സാധാ)നം.3362/2016/തസ്വഭവ.
4 10/04/2018-ലെ സ.ഉ.(സാധാ)നം.1019/2018/തസ്വഭവ.
5 25/01/2019-ലെ സ.ഉ.(സാധാ)നം.155/2019/തസ്വഭവ.
6 20/10/2019-ലെ സ.ഉ.(സാധാ)നം.2305/2019/തസ്വഭവ.
7 കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 09/11/2019-ലെ 11596/ഇ1/2017/ കെഎസ്എച്ച്ക്യു നമ്പർ കത്ത്.

**ഉത്തരവ്**

ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസിലെ റിസർച്ച് അസിസ്റ്റന്റായ ശ്രീമതി.റജീന.റ്റി.എം. -നെ പരാമർശം (3)-ലെ സർക്കാർ ഉത്തരവു പ്രകാരം കുടുംബശ്രീ എറണാകുളം ജില്ലാ മിഷനിലെ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിൽ ഒരു വർഷത്തേയ്ക്ക് അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കുകയും, 26/12/2016-ൽ ടിയാരി ജോലിയിൽ പ്രവേശിക്കുകയുമുണ്ടായി. തുടർന്ന്, പരാമർശം (4) മുതൽ (5) വരെയുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം ടിയാളുടെ അന്യത്രസേവനകാലം ഓരോ വർഷം വീതവും, പരാമർശം (6)-ലെ ഉത്തരവ് പ്രകാരം 01/04/2019 മുതൽ 30/09/2019 വരെ 6 മാസത്തേയ്ക്കും ദീർഘിപ്പിച്ചു നൽകുകയുണ്ടായി.

2) ശ്രീമതി.റജീന.റ്റി.എം.-ന്റെ അന്യത്രസേവന കാലാവധി 30/09/2019 മുതൽ 31/03/2020 വരെ ദീർഘിപ്പിച്ചു നൽകുന്നതിനായി പരാമർശം (7) പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസിലെ റിസർച്ച് അസിസ്റ്റന്റായ ശ്രീമതി.റജീന.റ്റി.എം.-ന്റെ കുടുംബശ്രീ എറണാകുളം ജില്ലാ മിഷനിലെ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിലെ അന്യത്രസേവനകാലം കേരള സർവ്വീസ് റൂൾസ് ഭാഗം I ചട്ടം 140(സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും, പരാമർശം (1), (2) എന്നിവയിലെ മാനദണ്ഡങ്ങൾക്കും വിധേയമായി 01/10/2019 മുതൽ 31/03/2020 വരെ ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**നന്ദന ആർ പി**

**അണ്ടർ സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.

ശ്രീമതി.റജീന.റ്റി.എം.(സംസ്ഥാന പ്ലാനിംഗ് ബോർഡ് മെമ്പർ സെക്രട്ടറി മുഖേന)
മെമ്പർ സെക്രട്ടറി, സംസ്ഥാന പ്ലാനിംഗ് ബോർഡ് , തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ(ആഡിറ്റ്), കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ(എ&ഇ/എൽബിഎ), കേരളം, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം..
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ